KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: info@ksacs.in

**10.09.2009**

# രക്തദാനം: കെ.സി.വൈ.എം നേതാക്കൾക്കായി പരിശീലന പരിപാടി നടത്തി

കോഴിക്കോട്: സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കേരള കത്തോലിക്കാ സഭയുടെ യുവജന സംഘടനയായ കെ.സി.വൈ.എമ്മിന്റെ നേതാക്കൾക്കായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് പരിശീലന പരിപാടി നടത്തി.

ഹോട്ടൽ ന്യൂ നളന്ദയിൽ നടന്ന പരിശീലന പരിപാടിയിൽ കെ.സി.വൈ.എമ്മിന്റെ കോഴിക്കോട്, വയനാട്, കണ്ണൂർ, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ നിന്നുള്ള നേതാക്കളെ പങ്കെടുപ്പിച്ചുകൊണ്ടാണ് പരിശീലന പരിപാടി നടത്തിയത്. കെ.സി.വൈ.എം സംസ്ഥാന ഡയറക്ടർ ഫാ. ജയ്സൺ കൊള്ളന്നൂർ പരിപാടി ഉദ്ഘാടനം ചെയ്തു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി യൂത്ത് അഫയേഴ്സ് കൺസൾട്ടന്റ് വി.ജെ. നിജോ അധ്യക്ഷത വഹിച്ചു. എച്ച്എൽഎഫ്പിപിറ്റി പ്രോഗ്രാം കോഓർഡിനേറ്റർ മുരളീധരൻ സ്വാഗതവും കെ.സി.വൈ.എം സെക്രട്ടറി സിബി ജോയ് നന്ദിയും പറഞ്ഞു. കെ.സി.വൈ.എം സംസ്ഥാന ജനറൽ സെക്രട്ടറി സന്തോഷ് അറയ്ക്കൽ ആശംസ അർപ്പിച്ചു.

കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ ദശലക്ഷം രക്തദാതാക്കളുടെ ദേശീയസേന രൂപീകരിക്കുകയാണ്. കേരളത്തിലെ സന്നദ്ധരക്തദാന രംഗത്ത് കുതിച്ചുചാട്ടത്തിനു സഹായിക്കുന്ന ഈ പ്രവർത്തനങ്ങൾ താഴേത്തട്ടിൽ നടപ്പിലാക്കുന്നതിനായി നേതാക്കൾക്കുള്ള പരിശീലനപരിപാടിയാണ് ഇപ്പോൾ നടത്തിയത്. കെ.സി.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ പ്രാദേശിക തലത്തിൽ നിരവധി രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചു വരികയാണ്.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**